DESPATCHED
On..03/02/2020...

21/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.501(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8276/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ബി. സത്യശീലൻ,
ചൈധന്യം,
കോട്ടാത്തല പി.ഒ.,
കൊട്ടാരക്കര, കൊല്ലം. } പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ബ്ലോക്ക് പഞ്ചായത്ത്, വെട്ടിക്കവല,
കൊട്ടാരക്കര, കൊല്ലം.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, വെട്ടിക്കവല
ബ്ലോക്ക് പഞ്ചായത്ത്, കൊട്ടാരക്കര, കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/06/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/06/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 07/07/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 07/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/07/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/08/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബി.സത്യശീലൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും പൂർണ്ണവുമായി എതിർകക്ഷികൾ നൽകിയിട്ടില്ലെന്നും ആയതിനാൽ മേൽപ്പടി വിവരങ്ങളും ടിയാൻ ആവശ്യപ്പെട്ട രേഖകളും ലഭ്യമാക്കി നൽകണമെന്നും മറ്റുമാണ്.

2. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. വർക്ക് എഗ്രിമെന്റ് വച്ച് 1.7.1999–ൽ നിർദ്ദിഷ്ട പണികൾ തുടങ്ങിയപ്പോൾ എൽ.ബി.എസ്.ന്റെ നിർദ്ദേശാനുസരണം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഡി.എൽ.റ്റി.ക്ക് നൽകിയത് മാസങ്ങൾ കഴിഞ്ഞിട്ടും പാസാക്കി നൽകിയില്ല എന്നും മേൽപ്പടി കാലതാമസത്തിന് ആരാണ് ഉത്തരവാദി എന്നും ഒരു വർക്ക് ഡിപ്പാർട്ടുമെന്റ് അനാസ്ഥയിൽ കാലതാമസം വരുത്തിയാൽ എഗ്രിമെന്റ് വച്ച തീയതി അത് ചെയ്തു തീർക്കാൻ പറ്റുമോ എന്നും ആയതിന് കോൺട്രാക്ടർക്ക് ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദി ആരാണെന്നും

ii. കേരള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാതിരുന്നാൽ അത് കോടതി അലക്ഷ്യമല്ലേ എന്നും മറ്റുമായി 6 പ്രധാന ഇനങ്ങളിലായുള്ള വിവരങ്ങളും 9 ഇനങ്ങളിലായുള്ള പകർപ്പുകളുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ), കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 'നബാർഡ് RIDF-III 1999-2000 വെണ്ടാർ മൂഴിക്കോട് റോഡ് മൈലം കുളക്കട പഞ്ചായത്ത്' എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു എന്നും ആയതിനാൽ മേൽപ്പടി പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ആയത് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു എന്നും മേൽപ്പടി പ്രവൃത്തി നടപ്പിലാക്കിയ സമയം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചിരുന്നില്ല എന്നും എൽ.എസ്.ജി.ഡി. വിഭാഗത്തിൽ നിന്നും നൽകേണ്ട വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാമർശിത പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും പല സമയങ്ങളിലായി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി ഫയലുകൾ പരിശോധിക്കുവാനുള്ള അവസരവും ഹർജിക്കാരന് നൽകിയിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന മിക്ക വിവരങ്ങളും വിശദീകരണത്തിന്റെയോ വ്യാഖ്യാനത്തിന്റെയോ അഭിപ്രായപ്രകടനത്തിന്റെയോ ഒക്കെ രീതിയിലുള്ളതാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഹർജിക്കാരന് ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ടിയാന് നൽകിയിട്ടുള്ളതായി കാണുന്നു. എങ്കിലും ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുവാനുള്ള അവസരം ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും മേൽപ്പടി ഫയലിൽ നിന്നും ഹർജിക്കാരൻ ഏതെങ്കിലും രേഖയുടെ പകർപ്പിന്

ആവശ്യപ്പെടുകയാണെങ്കിൽ ആയത് ടിയാന് സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us